**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4218** **06-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 3 വർഷം കഴിഞ്ഞിട്ടും കരാറുകാർക്ക് അവരുടെ ബില്ലുകൾ മാറി നൽകാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; | (എ) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ച് കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്.<br><br>ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയബന്ധിതമായി പണം നൽകുകയും ചെയ്ത് വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതാത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും, അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ബി) | കിഫ്ബി ഓരോ നിബന്ധനകൾ വച്ച് കരാറുകാരുടെ ബില്ലുകൾ വൈകിപ്പിക്കുന്നുവെന്ന ആക്ഷേപം പരിശോധിക്കുമോ;കിഫ്ബിയിൽ സമർപ്പിക്കുന്ന | (ബി) | കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് കരാറുകാർ ബില്ലുകൾ തയാറാക്കി സമർപ്പിക്കുന്നത് പദ്ധതിയുടെ എഗ്രിമെന്റ് അതോറിറ്റി കൂടിയായ അതാത് |

| | | | |
|---|---|---|---|
| | ബില്ലുകൾ പാസാക്കുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപത്തിന് എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | എസ്.പി.വി കൾക്കാണ്. പ്രസ്തുത ബില്ലുകൾ എസ്.പി.വി കൾ വിശദമായി പരിശോധിച്ചതിന് ശേഷം പണം അനുവദിച്ച കൊണ്ടുള്ള നടപടിക്രമത്തോടൊപ്പമാണ് കിഫ്ബിയിൽ സമർപ്പിക്കുന്നത്.<br><br>ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ഓരോ ദിവസത്തെയും സ്ഥിതി കിഫ്ബി സി.ഇ.ഒ തലത്തിൽ വിശകലനം ചെയ്യുകയും അവയിന്മേൽ സമയബന്ധിതമായി പണം നൽകുകയും ചെയ്ത് വരുന്നുണ്ട്. കിഫ്ബി വഴി നിർമാണം പൂർത്തീകരിച്ചതിന് ശേഷവും കരാറുകാർക്ക് പണം ലഭിക്കുന്നില്ലെന്ന ആക്ഷേപം കരാറുകാർ ഉന്നയിക്കുന്നതായി കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് വിശദമായി പരിശോധിച്ചതിൽ നിന്നും പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലുകളിലും, കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന ഒബ്സെർവേഷൻ മെമ്മോകളിലും അതാത് പദ്ധതി നിർവഹണ ഏജൻസികൾ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിനാൽ ചില കാലതാമസങ്ങളുണ്ടായതായി കണ്ടെത്തുകയും, ഇത് പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുകയും, അതനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (സി) | കിഫ്ബി എടുക്കുന്ന വായ്പയും സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഉണ്ടായ പ്രതിസന്ധി വ്യക്തമാക്കാമോ? | (സി) | സംസ്ഥാനങ്ങളുടെ വായ്പാ പരിധി നിശ്ചയിക്കുന്നതിൽ സംസ്ഥാന ഏജൻസികളുടെ വായ്പകളും ഉൾപ്പെടുത്തിയതുവഴി കേന്ദ്ര സർക്കാർ കടുത്ത സമ്പത്തിക നിയന്ത്രണമാണ് സംസ്ഥാന സർക്കരിനുമേൽ അടിച്ചേൽപ്പിക്കുന്നത്. കിഫ്ബി, സാമൂഹിക സുരക്ഷ പെൻഷൻ കമ്പനി എന്നിവയുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി ഉൾപ്പെടുത്തുക വഴി സംസ്ഥാനത്തിന്റെ വായ്പ്പ പരിധി ഗണ്യമായി വെട്ടിക്കുറക്കപ്പെട്ടു. കൂടാതെ സർക്കാർ ട്രഷറി ഒരു ബാങ്കർ എന്ന നിലയിൽ സ്വീകരിച്ചിട്ടുള്ള പൊതുജന നിക്ഷേപങ്ങളും സർക്കാരിന്റെ വായ്പകളായി കണക്കാക്കുകയും ചെയ്യുന്നു. ഇവയ്ക്കൊന്നും ഭരണഘടന ചട്ടങ്ങളുടെ ഒരുതരത്തിലുമുള്ള പിൻബലമില്ലാ എന്നുമാത്രമല്ല ഈ നടപടികൾ ഫെഡറൽ സംവിധാനത്തിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്നതാണ്. സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ അവതാളത്തിലാക്കുക എന്ന ലക്ഷ്യമാണ് ഇതിലൂടെ നടപ്പാക്കുന്നതെന്ന് അനുമാനിക്കേണ്ടിവരും. |

| | | | |
|---|---|---|---|
| | | | എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള രാഷ്ട്രീയലക്ഷ്യങ്ങൾക്ക് വിധേയപ്പെടുവാൻ സർക്കാർ ഒരുക്കമല്ല. രാജ്യത്തെ ഭരണഘടനയും നിയമ വ്യവസ്ഥകളും നൽകുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തി ഇതിനെ മറികടക്കാനാകും എന്ന ശുഭാപ്തി വിശ്വാസം സർക്കാരിനുണ്ട്. നിലവിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകളിലെ നിയമപ്രശനങ്ങളും ഭരണഘടന ലംഘനങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന് അനുകൂലമായ നിലപാടുകൾ എടുക്കേണ്ടിവരും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്. |

സെക്ഷൻ ഓഫീസർ